പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2590 **28-10-2026-ൽ മറുപടിയ്ക്ക്**

തിരുവനന്തപുരം കോർപ്പറേഷനിൽ പട്ടികജാതി വികസന വകുപ്പിന്റെ സോണൽ ഓഫീസുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. മുരളീധരൻ ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) തിരുവനന്തപുരം കോർപ്പറേഷനിലെ ഒരു ലക്ഷത്തിലേറെ വരുന്ന പട്ടികജാതി ജനസംഖ്യ മറ്റു പല ജില്ലകളിലെ ആകെ പട്ടികജാതി ജനസംഖ്യക്ക് സമാനമാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) പട്ടികജാതി വികസന വകുപ്പിന് മിക്ക ജില്ലകളിലും ബ്ലോക്ക് തല ഓഫീസുകൾ നിലവിലുള്ളപ്പോൾ തിരുവനന്തപുരം കോർപ്പറേഷനിൽ ഇത്രയും ജനങ്ങളുടെ വിഷയങ്ങൾ കൈകാര്യം ചെയ്യുവാൻ ഒരു ഓഫീസ് മാത്രമാണ് ഉള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പട്ടികജാതി വികസന വകുപ്പിൽ നടത്തിയ വർക്ക് സ്റ്റഡി റിപ്പോർട്ടിൽ തിരുവനന്തപുരം കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിനെ കുറിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷനിൽ കഴക്കൂട്ടം, വിഴിഞ്ഞം എന്നീ രണ്ട് സോണൽ ഓഫീസുകൾ കേന്ദ്രീകരിച്ച് പട്ടികജാതി വികസന ഓഫീസുകൾ ആരംഭിക്കുന്നതിന് പ്രസ്തുത റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്.

(സി) ഇതു കാരണം സാമ്പത്തികമായി വളരെ പിന്നാക്കാവസ്ഥയിലുള്ള പട്ടികജാതി വിഭാഗം ജനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി നഗരാതിർത്തി പ്രദേശങ്ങളിൽ നിന്നും പലതവണ നഗരസഭയിലെ ഓഫീസിലേക്ക് യാത്ര ചെയ്യേണ്ടി വരുന്നതിലൂടെ അവർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സന്ദർശകരുടെ ബാഹുല്യം, അപേക്ഷകരുടെ എണ്ണം എന്നിവ കണക്കിലെടുത്ത്, പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനം ലഭ്യമാക്കുന്നതിനും പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമവും സമയബന്ധിതമായി നടപ്പിലാക്കുന്നതിനുമായി തിരുവനന്തപുരം കോർപ്പറേഷനിൽ പട്ടികജാതി വികസന വകുപ്പിന്റെ സോണൽ ഓഫീസുകൾ സ്ഥാപിക്കുവാൻ സർക്കാർ തല വർക്ക് സ്റ്റഡി

റിപ്പോർട്ട് നിലവിലുണ്ട്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പട്ടികജാതി വികസന വകുപ്പിൽ നടത്തിയ പ്രസ്തുത വർക്ക് സ്റ്റഡി റിപ്പോർട്ട് പ്രകാരം കഴക്കൂട്ടം, വിഴിഞ്ഞം എന്നി രണ്ട് സോണൽ ഓഫീസുകൾ കേന്ദ്രീകരിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നതിനാണ് ശിപാർശ ചെയ്തിട്ടുള്ളത്.

പട്ടികജാതി വികസന വകുപ്പിൽ കാലിക പ്രാധാന്യമില്ലാത്തതും നിലവിൽ ഒഴിഞ്ഞുകിടക്കുന്നതുമായ തസ്തികൾ ഒഴിവാക്കിയശേഷം, പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും ഓഫീസുകൾ ആരംഭിക്കുന്നതിനുമുള്ള ശിപാർശ ലഭ്യമാക്കുന്നതിന് വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ തിരുവനന്തപുരം കോർപ്പറേഷനിൽ പട്ടികജാതി വികസന വകുപ്പിന്റെ സോണൽ ഓഫീസുകൾ സ്ഥാപിക്കുവാൻ സർക്കാർ തല വർക്ക് സ്റ്റഡി റിപ്പോർട്ട് നിലവിലുണ്ടോ; എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ